(ഡി) കുന്നത്തൂർ താലൂക്കിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്ന നടപടി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ഇ) കുന്നത്തൂർ താലൂക്കിൽ ഫയർ സ്റ്റേഷന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഒന്നും സ്ഥാപിച്ചിട്ടില്ല.

(ബി) 23 താലൂക്കുകളിൽ ഫയർ സ്റ്റേഷനുകൾ ഇല്ല. പ്രസ്തുത താലൂക്കുകളുടെ പേരുകൾ അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു. †

(സി) 26 ഫയർ എഞ്ചിനുകൾ വാങ്ങി അവയിൽ 24 എണ്ണം വിവിധ ഫയർ സ്റ്റേഷനുകൾക്കായി അനുബന്ധം (ബി) പ്രകാരം അനുവദിച്ചിട്ടുണ്ട്. † ബാക്കി 2 ഫയർ എഞ്ചിനുകൾക്ക് രജിസ്ട്രേഷൻ ആയിട്ടുണ്ട്. ആർ. സി. ബുക്ക് ലഭിക്കുന്ന മുറയ്ക്ക് ഫയർ സ്റ്റേഷനുകൾക്ക് അനുവദിക്കുന്നതാണ്.

(ഡി, ഇ) പുതിയ ഫയർ സ്റ്റേഷനുകൾ എവിടെയെല്ലാം സ്ഥാപിക്കണമെന്ന് ഇപ്പോൾ തീരുമാനിച്ചിട്ടില്ല. സൗജന്യമായി സ്ഥലവും കെട്ടിടവും ലഭ്യമാകുന്ന 14 സ്ഥലങ്ങളിൽ (ഒരു ജില്ലയിൽ ഒന്നു വീതം) ഫയർ സ്റ്റേഷനുകൾ ആരംഭിക്കുവാനുള്ള ഒരു മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്ന നടപടി നടന്നുവരുന്നു.

തടവുകാരെ തുറന്ന ജയിലിലേക്ക് അയയ്ക്കുന്നതിനുള്ള മാനദണ്ഡം

79 [5223] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തുറന്ന ജയിലിലേക്ക് എത്ര പേരെ അയച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) തുറന്ന ജയിലിലേക്ക് തടവുകാരെ അയയ്ക്കുന്നതിന് പ്രത്യേക മാനദണ്ഡം നിർദ്ദേശിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 91 തടവുകാരെ തുറന്ന ജയിലിലേക്ക് അയച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) 1958-ലെ കേരള ജയിൽ ചട്ടങ്ങളിലെ 3എ പ്രകാരമാണ് തുറന്ന ജയിലിലേക്ക് തടവുകാരെ തെരഞ്ഞെടുക്കുന്നത്. (ചട്ടം 3എ-യുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly